ലേഖനം

പി.പി അബ്ദുർറഹ്മാൻ പെരിങ്ങാടി

# വിദ്യാഭ്യാസനയം ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്നതാവരുത്

**അനംഗീകൃത** വിദ്യാലയങ്ങൾ എന്ന് സാങ്കേതികമായി വിശേഷിപ്പിക്കപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളീയ വിദ്യാഭ്യാസ മേഖലയുടെ വിശിഷ്യാ ന്യൂനപക്ഷ-പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസ, സാമൂഹിക വളർച്ചയുടെ അവിഭാജ്യഘടകമാണ്. മൂന്ന് ദശകത്തിലേറെ പാരമ്പര്യമുണ്ട് ഈ സംവിധാനത്തിന്. ചെറുതും വലുതുമായി ഈ ഗണത്തിൽ ഏതാണ്ട് മൂവായിരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ പത്ത് ലക്ഷത്തിനടുത്ത് വിദ്യാർഥികളും ഉണ്ടാകാനിടയുണ്ട്. ഇതെല്ലാം ഒരേ സ്വഭാവത്തിലുള്ളതല്ല. ചിലതിന്ന് ഭാഗികമായോ താൽക്കാലികമായോ അംഗീകാരമുണ്ട്. വേറെ ചിലത് സി.ബി.എസ്.ഇ സിലബസ് പ്രകാരം നടത്തുന്നവയാണ്. സർക്കാറിന്റെ എൻ.ഒ.സി കിട്ടാത്തതാണ് അവയുടെ അംഗീകാരത്തിന് തടസ്സം. എട്ടാംതരം വരെ സി.ബി.എസ്.ഇ സ്വതന്ത്രമായി നടത്താൻ നിലവിലെ നിയമത്തിൽ പഴുതുണ്ട്. എൽ.പി തലം വരെ കേരള സിലബസും സ്വകാര്യമായി നടത്താൻ നിയമപരമായി ഇവിടെ സൗകര്യമുണ്ട്. പല കാരണങ്ങളാലാണ് പല സ്ഥാപനങ്ങൾക്കും അംഗീകാരം ഇല്ലാതെ പോയത്. പലപ്പോഴായി അംഗീകാരത്തിന് അധികൃതരെ സമീപിച്ചെങ്കിലും രാഷ്ട്രീയകാരണങ്ങളാൽ ക്രൂരവിവേചനത്തിനിരയായി അംഗീകാരം നിഷേധിക്കപ്പെടുകയായിരുന്നു. ഒരു പ്രദേശത്ത് നേരത്തെയുള്ള സാമാന്യം തൃപ്തികരമായ നിലവാരമുള്ള സ്ഥാപനത്തിന് അംഗീകാരം നൽകി രക്ഷപ്പെടുത്താതെ, പ്രസ്തുത സ്ഥാപനത്തെ ക്ഷയിപ്പിക്കും വിധം സമാന്തരമായി ആരംഭിച്ച പുതിയ സ്ഥാപനത്തിന് അനർഹമായ രീതിയിൽ അംഗീകാരം നൽകിയ ദ്രോഹം വരെ യു.ഡി.എഫ് ഭരണകാലങ്ങളിലുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാല് ദശകങ്ങൾക്കിടയിൽ കൂടുതൽ കാലം കേരളം ഭരിച്ചത് യു.ഡി.എഫ് ആണ്. അതിൽതന്നെ കൂടുതൽകാലം വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തത് മുസ്‌ലിം ലീഗുമാണ്. ആകയാൽ ഇന്നത്തെ പ്രശ്നസങ്കീർണതകളിൽ അവർക്കുള്ള പങ്ക് ഒട്ടും ചെറുതല്ല. മുൻ യു.ഡി.എഫ് സർക്കാറുകൾ തത്ത്വദീക്ഷയില്ലാതെ വിദ്യാഭ്യാസ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുംവിധം പക്ഷപാതപരമായ രീതിയിൽ വിദ്യാലയങ്ങൾ അനുവദിക്കുകയും അർഹരായ പലരെയും രാഷ്ട്രീയ കാരണങ്ങളാൽ അവഗണിക്കുകയും ചെയ്തു. ഇതിൽ പലർക്കുമുള്ള കടുത്ത പ്രതിഷേധം മുതലെടുത്തുകൊണ്ടു കൂടിയാണ് ഇത്തവണ എൽ.ഡി.എഫ് അധികാരത്തിൽവന്നത്. അനീതി പരിഹരിക്കുമെന്നും രാഷട്രീയ കാരണങ്ങളാൽ അംഗീകാരം കിട്ടാതെ പോയ സേവന സ്വഭാവത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമെന്നും എൽ.ഡി.എഫ് നേതൃത്വം പല

●

**അനീതി പരിഹരിക്കുമെന്നും രാഷട്രീയ കാരണങ്ങളാൽ അംഗീകാരം കിട്ടാതെ പോയ സേവന സ്വഭാവത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുമെന്നും എൽ.ഡി.എഫ് നേതൃത്വം പലപ്പോഴും പ്രതീക്ഷ നൽകിയിരുന്നു. പക്ഷേ മൂന്ന് വർഷം പിന്നിട്ടിട്ടും ഒന്നും നടന്നില്ലെന്ന് മാത്രമല്ല, തികച്ചും നിഷേധാത്മകവും നിരാശാജനകവുമായ നിലപാടുകളാണ് ഇപ്പോൾ എടുത്തുകാണുന്നത്.**

പ്പോഴും പ്രതീക്ഷ നൽകിയിരുന്നു. പക്ഷേ മൂന്ന് വർഷം പിന്നിട്ടിട്ടും ഒന്നും നടന്നില്ലെന്ന് മാത്രമല്ല, തികച്ചും നിഷേധാത്മകവും നിരാശാജനകവുമായ നിലപാടുകളാണ് ഇപ്പോൾ എടുത്തുകാണുന്നത്.

നേരത്തെ വിദ്യാലയങ്ങൾ വേണ്ടത്രയില്ലാത്ത ചുറ്റുപാടിൽ തുടങ്ങിയതാണ് പല വിദ്യാലയങ്ങളും. പൊതു വിദ്യാലയങ്ങളുടെ നിലവാരത്തകർച്ച കാരണമായും വിദ്യാലയങ്ങൾ തുടങ്ങേണ്ടി വന്നിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിലെ അധ്യാപകരിൽ ഗണ്യമായ വിഭാഗം രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കൂലിപ്പട്ടാളം പോലെ ഉത്തരവാദിത്വം മറന്ന് വേറെ പല രംഗങ്ങളിലും അലഞ്ഞു നടക്കുകയും വിദ്യാർഥി രാഷ്ട്രീയം അതിരുവിട്ട് വിദ്യാഭ്യാസരംഗം തകരാറിലാവുകയും ചെയ്ത 1965 മുതൽ 1990 വരെയുള്ള കാലത്താണ് ഇത്തരം സ്ഥാപനങ്ങൾ ഉണ്ടായത്. വേറെ ചിലത്, പിന്നാക്ക സമുദായത്തിലെ അധഃസ്ഥിത വിഭാഗം പലകാരണങ്ങളാൽ വിദ്യാഭ്യാസത്തോട് പുറംതിരിഞ്ഞുനിൽക്കുകയും അങ്ങനെ കൂടുതൽ പിന്നാക്കമാവുകയും ചെയ്തപ്പോൾ ആ ദുരവസ്ഥയെ തരണം ചെയ്യാൻ വേണ്ടി സ്ഥാപിച്ചതാണ്. മറ്റ് ചിലത് വനിതാ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കാൻ ഉടലെടുത്തതാണ്. ഇതിന്റെയൊക്കെ ഫലമായി കുറെ നല്ല മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നത് അനിഷേധ്യമാണ്. പൊതു വിദ്യാലയ കാമ്പസുകളിലെ അധാർമിക അന്തരീക്ഷം കാരണം പെൺമക്കളെ സ്കൂളിലയക്കാൻ ഏറെ ഭയപ്പെടുന്ന ഒരവസ്ഥ ഉണ്ടായിരുന്നു; ഇപ്പോഴുമുണ്ട്. (ഇപ്പോൾ പൊതുവിദ്യാലയങ്ങളുടെ നിലവാരം മെച്ചപ്പെടാൻ ഇത്തരം സ്വകാര്യ സ്ഥാപനങ്ങളുടെ സാന്നിധ്യം പരോക്ഷ പ്രചോദനമായിട്ടുണ്ട്).

2007 ജൂണിൽ 107-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ, വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിൽക്കുന്ന മലബാറിലെ ആറ് ജില്ലകളിലെ ന്യൂനപക്ഷ സമുദായങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകാനുദ്ദേശിക്കുന്നതായി സർക്കാർ അറിയിപ്പുണ്ടായി. തദടിസ്ഥാനത്തിൽ കുറെ സ്ഥാപനങ്ങൾ അപേക്ഷിച്ചു. അപേക്ഷകളിന്മേൽ ജില്ലാ വിദ്യാഭ്യാസ അധികൃതരും മറ്റും അന്വേഷണം നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തു. സർക്കാർ ഇങ്ങനെ ഉത്തരവിറക്കിയതിൽ ശാസ്ത്രസാഹിത്യപരിഷത്ത്, കെ.എസ്.ടി.എ തുടങ്ങിയ വിഭാഗങ്ങൾക്ക് കടുത്ത എതിർപ്പ് ഉണ്ടായിരുന്നു. മുസ്‌ലിം വിരോധം സ്ഥിരം പരിപാടിയാക്കിയ ചില വിഭാഗങ്ങളും ഇവരെ പിന്തുണച്ചു. ഏതാണ്ട് ഒന്നര വർഷം കഴിഞ്ഞപ്പോൾ 2008 ഫെബ്രുവരിയിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനമിറങ്ങുന്നതിന് തൊട്ടുമുമ്പ് വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ സെക്രട്ടറി പി.സി ജോസ് ഒരു ഓർഡറിറക്കി (G.O (Rt) No. 885/09/G.Edn). പ്രസ്തുത ഓർഡറിൽ ഡി.പി.ഐയോട് സ്കൂളിന്ന് വേണ്ട പ്രദേശ നിർണയ മുൾപ്പെടെ പല പ്രക്രിയകളും പൂർത്തിയാക്കാൻ നിർദേശിക്കുകയായിരുന്നു. ഇതിന്റെ പിന്നിൽ രണ്ടു ദുരുദ്ദേശ്യങ്ങളുണ്ടാവാം. 1) ന്യൂനപക്ഷ സമുദായത്തെ വ്യാമോഹിപ്പിച്ച് കൂടെ നിർത്താനുള്ള ശ്രമം. അത്തരത്തിലാണ് ഈ ഓർഡർ സംബന്ധമായി പത്രവാർത്തകൾ വന്നിരുന്നത്. എന്നാലിപ്പോൾ അവർ വഞ്ചിക്കപ്പെടുകയായിരുന്നുവെന്നും വ്യക്തമായി. 2) 107-ാം നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഒരുപാട് പടികൾ കടന്ന്, ഒരു പ്രത്യേക ഘട്ടത്തിലെത്തിനിൽക്കെ, അതിനെയൊക്കെ അട്ടിമറിച്ച് ഒരു പുതിയ പ്രക്രിയക്ക് തുടക്കംകുറിക്കാമെന്ന തന്ത്രം. ഇതുവഴി സർക്കാർ കളിക്കുന്നത് വെച്ചുതാമസിപ്പിക്കൽ തന്ത്രമാണ്. ഇപ്പോൾ അധികൃതരിൽനിന്ന് അറിയാൻ കഴിയുന്നത് ഇനിയും പുതിയ ഒരു വിജ്ഞാപനമിറക്കി ന്യൂനപക്ഷത്തെ മോഹിപ്പിച്ച് മയക്കിയിടാനിടയുണ്ടെന്നാണ്.

**നിരുത്സാഹപ്പെടുത്തലും വിരട്ടലും സർക്കാറിന്റെ ഭാഗത്തുനിന്ന് പലരീതിയിൽ തുടരെത്തുടരെ ഉണ്ടായിട്ടും ദശകങ്ങളായി അൺ എയ്ഡഡ് സ്ഥാപനങ്ങൾ നിലനിൽക്കുന്നുവെന്നതിൽനിന്നുതന്നെ അവയുടെ ആവശ്യകത വ്യക്തമാണ്. പൊതു വിദ്യാഭ്യാസത്തെ രചനാത്മകമായി സ്വാധീനിക്കുന്ന ഒരു സമാന്തര തിരുത്തൽ പ്രസ്ഥാനമാണ് ഇത്തരം സ്ഥാപനങ്ങളെന്ന വിദ്യാഭ്യാസ വിചക്ഷണരുടെ നിരീക്ഷണവും സ്മരണീയമാണ്.**

കഴിഞ്ഞവർഷം(2008) മെയ് 13-ന് വിദ്യാഭ്യാസ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി കെ. സുശീലയുടെ പേരിൽ ഇറങ്ങിയ ഉത്തരവ് (2164/08) ഇങ്ങനെ: "...... അംഗീകാരമില്ലാത്ത സ്കൂളുകളുടെ പേരും വിലാസവും ഹെഡ്മാസ്റ്റർമാർ ശേഖരിച്ച് എ.ഇ.ഒ/ഡി.ഇ.ഒ മാർ വഴി ഡി.ഡി.ഇക്ക് സമർപ്പിക്കേണ്ടതാണ്... ഇത്തരം സ്കൂളുകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതിലേക്കായി പ്രസ്തുത ലിസ്റ്റ് സർക്കാറിലേക്ക് ഡി.പി.ഐ 2008 ജൂലൈ 15-നകം അയക്കേണ്ടതാണ്......" കഴിഞ്ഞ വർഷത്തെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമനടപടിയെടുത്തുവെന്ന് അധികൃതർ വ്യക്തമാക്കേണ്ടതുണ്ട്. ഇക്കൊല്ലവും കഴിഞ്ഞ വർഷത്തെ അതേ ഉത്തരവ് കുറേകൂടി കർക്കശമാക്കി ഇറക്കുകയും കൂടാതെ വാർത്തക്ക് പുറമെ വലിയ പരസ്യം നൽകി വിരട്ടലിന് ഊക്ക് കൂട്ടുകയുമാണ് ചെയ്തത്.

നിരുത്സാഹപ്പെടുത്തലും വിരട്ടലും സർക്കാറിന്റെ ഭാഗത്തുനിന്ന് പലരീതിയിൽ തുടരെത്തുടരെ ഉണ്ടായിട്ടും ദശകങ്ങളായി അൺ എയ്ഡഡ് സ്ഥാപനങ്ങൾ നിലനിൽക്കുന്നുവെന്നതിൽനിന്നുതന്നെ അവയുടെ ആവശ്യകത വ്യക്തമാണ്. പൊതു വിദ്യാഭ്യാസത്തെ രചനാത്മകമായി സ്വാധീനിക്കുന്ന ഒരു സമാന്തര തിരുത്തൽ പ്രസ്ഥാനമാണ് ഇത്തരം സ്ഥാപനങ്ങളെന്ന വിദ്യാഭ്യാസ വിചക്ഷണരുടെ നിരീക്ഷണവും സ്മരണീയമാണ്. സർക്കാറിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും വരുത്താത്ത ഈ സ്ഥാപനങ്ങളുടെ മേൽ സിലബസ് നിർണയം, പരീക്ഷാ നടത്തിപ്പ് തുടങ്ങിയ മർമങ്ങളിലൂടെ സർക്കാറിന്റെ നിരീക്ഷണവും നിയന്ത്രണവും ഒരളവോളം സാധ്യവുമാണ്. ഇത്തരം സ്ഥാപനങ്ങളിൽ പതിനായിരക്കണക്കിന് അഭ്യസ്തവിദ്യർ ജോലി ചെയ്യുന്നുണ്ട്. ചെത്ത് തൊഴിലാളികളുടെ തൊഴിൽ പ്രശ്നം കാരണമായി പറഞ്ഞ് മദ്യനിരോധം ഏർപ്പെടുത്താത്ത സർക്കാറിന് പതിനായിരക്കണക്കിന് അഭ്യസ്തവിദ്യരുടെ തൊഴിൽപ്രശ്നം വിഷയമാവാത്തതെന്തുകൊണ്ട്?

മതഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്വന്തമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്താനുള്ള സ്വാതന്ത്ര്യവും അവകാശവും ഭരണഘടന(30-1) നൽകിയതാണ്. 2005-ൽ സുപ്രീം കോടതി പി.എ ഇനാംദാർക്ക് അനുകൂലമായി മഹാരാഷ്ട്ര സർക്കാറിനെതിരെ പുറപ്പെടുവിച്ച പ്രമാദമായ വിധിയിൽ ഉയർത്തിപ്പിടിച്ചത് ഇന്ത്യൻ ഭരണഘടന നൽകുന്ന ഈ അവകാശമാണ്. ഭരണഘടനാ ദത്തമായ ഈ അവകാശം ഉപയോഗപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് അംഗീകാരവും മറ്റും നൽകേണ്ടത് സർക്കാറുകളുടെ ബാധ്യതയാണ്. ഭരണഘടന നൽകുന്ന സ്വാതന്ത്ര്യം സാർഥകമാകുന്നത് അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകി പ്രവർത്തന സൗകര്യം സർക്കാർ ചെയ്തുകൊടുക്കുമ്പോൾ മാത്രമാണ്. ഭരണഘടനക്ക് വിധേയമായി കെ.ഇ.ആർ എന്നതിന് പകരം, കെ.ഇ.ആറിന് വിധേയമായി ഭരണഘടന എന്ന തലതിരിഞ്ഞ നയമാണ് ഇവിടെ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. 1958-ലെ ഒരു സുപ്രീം കോടതി വിധിയിൽ ജസ്റ്റിസ് വെങ്കട്ടരാമ അയ്യർ ഭരണഘടനാ ദത്തമായ സ്വാതന്ത്ര്യത്തിന്റെ രണ്ട് പ്രത്യേകതകൾ ഇവ്വിധം നിർവചിക്കുകയുണ്ടായി.

1. സ്റ്റേറ്റ് ന്യൂനപക്ഷങ്ങളുടേതുൾപ്പെടെ എല്ലാ വിഭാഗം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ധനസഹായം, അംഗീകാരം തുടങ്ങിയ കാര്യങ്ങളിൽ തുല്യപരിഗണന നൽകണം.

2. ന്യൂനപക്ഷങ്ങൾ സ്ഥാപനങ്ങൾ നടത്തുന്നതിനെ തടയുകയോ അതിന്റെ നടത്തിപ്പിൽ ഇടപെടുകയോ ചെയ്യരുത്. ഇക്കാര്യം ദേശീയ ന്യൂനപക്ഷകമീഷൻ ചെയർമാൻ ജസ്റ്റിസ് എം.എസ്.എ സിദ്ദീഖി 2007-ൽ പുറപ്പെടുവിച്ച ഒരു വിധിയിൽ ഉദ്ധരിച്ചിട്ടുമുണ്ട്.

സേവന സ്വഭാവത്തിലുള്ള സ്ഥാപനങ്ങൾ പൂട്ടേണ്ടി വരുമ്പോൾ വിദ്യാഭ്യാസ കച്ചവടം നടത്തുന്ന കൊമ്പൻ സ്രാവുകൾക്കാണ് അതിന്റെ ഗുണം കിട്ടുന്നത്. സേവന സ്വഭാവത്തിലുള്ള ട്രസ്റ്റുകളും അനാഥാലയ കമ്മിറ്റികളും മറ്റും നടത്തുന്ന രണ്ടു ദശകമെങ്കിലും പഴക്കമുള്ള സ്ഥാപനങ്ങളെ അംഗീകാരം നൽകി രക്ഷപ്പെടുത്തിയതിന് ശേഷം മാത്രമേ സർക്കാർ എന്തെങ്കിലും കടുത്ത നടപടിക്ക് മുതിരാവൂ. പല നല്ല സ്ഥാപനങ്ങളും വെച്ചുതാമസിപ്പിക്കൽ തന്ത്രത്തിലൂടെ പലനിലക്കും ഇടക്കാലത്ത് ക്ഷീണിച്ചതിനാൽ സർക്കാർ ചില്ലറ വിട്ടുവീഴ്ചകൾ ചെയ്തുകൊടുക്കുകയാണ് വേണ്ടത്. എങ്കിലേ അവരോടു നീതി കാണിച്ചെന്ന് പറയാനാകൂ.

സർക്കാറിന്റെ പുതിയ ഉത്തരവ് കേരള ഹൈക്കോടതി ജൂൺ 3-ാം തീയതി പുറപ്പെടുവിച്ച വിധിയിലൂടെ നിർത്തിവെച്ചതിൽനിന്നും സർക്കാർതന്നെ ആ തീരുമാനങ്ങളിൽനിന്ന് താൽക്കാലികമായെങ്കിലും പിൻമാറിയതിൽനിന്നും സർക്കാറിന്റെ പല നിലപാടുകളും അപക്വമാണെന്ന് തെളിയുന്നുണ്ട്. കെ.ഇ.ആറിലെ ചട്ടങ്ങൾ ന്യൂനപക്ഷാവകാശങ്ങൾ ധ്വംസിക്കുന്ന തരത്തിലാണെങ്കിൽ അവയെ ഭേദഗതി ചെയ്യാനുള്ള ആർജവമാണ് സർക്കാർ കാണിക്കേണ്ടത്. ■